# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3597 15.03.2018-ൽ മറുപടിക്ക്

## പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

| | ചോദ്യം<br><br>ശ്രീ. മുഹമ്മദ് മുഹസിൻ പി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈസർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടാമ്പി മണ്ഡലത്തിലെ വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ, DDUGJY പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്നിവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ തുടങ്ങിയവയാണ് അനുവദിച്ചത്. ഈ പദ്ധതികളിലായി ഇതുവരെ ഏകദേശം 8.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>16.78 കിലോമീറ്റർ 11 കെ.വി ലൈൻ, 46.97 കിലോമീറ്റർ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും, 32 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 14.93 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും, 12.1 കി.മീ എച്ച്.റ്റി ലൈനും, 69.19 കി.മീ എൽ.റ്റി ലൈനും റീ- കണ്ടക്ടറിംഗ് നടത്തുകയും, 5911 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>പ്രസരണ വിഭാഗത്തിൽ പട്ടാമ്പി മണ്ഡലത്തിൽ ഏകദേശം 3 കി.മീറ്റർ 110 കെ.വി ലൈൻ വലിച്ച്, 12.5 എം.വി.എ കപ്പാസിറ്റിയുള്ള രണ്ട് 110/11 കെ.വി ട്രാൻസ്ഫോർമറും, 16 എം.വി.എ കപ്പാസിറ്റിയുള്ള ഒരു ട്രാൻസ്ഫോർമറും സ്ഥാപിച്ച് പുതുതായി ഒരു 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി 20.6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിൽഉള്ളത്; വ്യക്തമാക്കാമോ? | (ബി) | 2021 - 22 ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്ന ജോലി പുരോഗമിക്കുന്നു. |

Vimalello

സെക്ഷൻ ഓഫീസർ